LIBRARY ARCHIVES Kerala Legislative Assembly

മിഷൻ ഫോർ എന്റർപ്രൈസസ് ആന്റ് എംപ്ലോയ്മെന്റ് ജനറേഷൻ

283 (623) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മിഷൻ ഫോർ എന്റർപ്രൈസസ് ആന്റ് എംപ്ലോയ്മെന്റ് ജനറേഷൻ എന്ന കമ്പനി തുടങ്ങണമെന്ന യുവ സംരംഭകത്വ നയത്തിലെ ശുപാർശ നടപ്പിലാക്കിയിട്ടുണ്ടോ ; പ്രസ്തുത കമ്പനി എന്നത്തേക്ക് ആരംഭിക്കാൻ കഴിയും ; ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ?

ഉത്തരം

സംസ്ഥാനത്തെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിന് വേണ്ടി ഒരു കർമ്മ പദ്ധതി രൂപീകരിക്കുന്നതിനായി സംസ്ഥാന പ്ലാനിംഗ് ബോർഡ് ചില നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങളിൽ ഈ കർമ്മ പദ്ധതി ഒരു സെക്ഷൻ 8 കമ്പനി മുഖേന നടപ്പിലാക്കുവാനുള്ള ശുപാർശയുമുണ്ട്. മേൽ ശുപാർശകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് വേണ്ടുന്ന പ്രാരംഭ നടപടികൾ നടന്നു വരുന്നു.

യെസ് സംഗമം മുഖേന യുവസംരംഭകർക്ക് അവസരം

284 (624) ശ്രീ. എം. ഹംസ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. ടി. വി. രാജേഷ് :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ഐ. ഡി. സി. യുടെ ആഭിമുഖ്യത്തിൽ നടത്തിയ യെസ് സംഗമം ഉദ്ദേശിച്ച രീതിയിൽ നിക്ഷേപ നിർദ്ദേശങ്ങൾ സമാഹരിക്കുന്നതിനു സഹായകമായിട്ടുണ്ടോയെന്നു വിശദമാക്കുമോ ;

(ബി) യുവസംരംഭകരായി വരുന്നവർ യെസ് സംഗമത്തിൽ എന്തെല്ലാം സഹായങ്ങളാണ് അഭ്യർത്ഥിച്ചതെന്നും ഇതിൽ സർക്കാർ നിലപാട് എന്തായിരുന്നുവെന്നും വ്യക്തമാക്കാമോ ;

(സി) സർക്കാരിന്റെ സഹായവാഗ്ദ്ധനത്തിന്റെ ഭാഗമായി ഏതെല്ലാം മേഖലകളിൽ നിക്ഷേപം നടത്തുന്നതിന് ധാരണയായിട്ടുണ്ടെന്നും പ്രസ്തുത നിക്ഷേപ സംരംഭങ്ങളുമായി ബന്ധപ്പെട്ട സംസ്ഥാന സർക്കാർ അടിസ്ഥാന വികസനത്തിന് എന്തെങ്കിലും വാഗ്ദാനം നൽകിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ;

(ഡി) യെസ് സംഗമത്തിൽ സംരംഭകർ ആവശ്യപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ എന്തൊക്കെയായിരുന്നു ; ഇവ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; ഇപ്രകാരം അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ പ്രായോഗിക വശങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരളത്തിലെ വിദ്യാർത്ഥി സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും അവർക്ക് വേണ്ട സഹായങ്ങൾ നൽകുന്നതിനുമായി 2011-ൽ സംസ്ഥാന സർക്കാർ സ്റ്റുഡന്റ് എൻട്രപ്രണർഷിപ്പ് പോളിസി പുറത്തിറക്കുകയുണ്ടായി. പ്രസ്തുത പോളിസിയെ അടിസ്ഥാനമാക്കി വിദ്യാർത്ഥി/യുവസംരംഭകരുടെ സംരംഭകത്വ ആശയങ്ങളെ യാഥാർത്ഥ്യമാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽകുക എന്ന ഉദ്ദേശത്തോടുകൂടിയാണ് 2014 സെപ്റ്റംബർ 12-ാം തീയതി യുവ സംരംഭക സംഗമം സംഘടിപ്പിച്ചത്. കേരളത്തിന്റെ വിവിധമേഖലകളിൽ വിജയം കൈവരിച്ചിട്ടുള്ള സംരംഭകരും, യുവ സംരംഭകരും അവരുടെ അനുഭവങ്ങൾ പ്രസ്തുത സംഗമത്തിൽ പങ്കു വച്ചു. പല മേഖലകളിലുള്ള സംരംഭകത്വ ആശയങ്ങളുമായി സംസ്ഥാനത്തിലെ വിവിധ കോളേജുകളിൽ നിന്നുള്ള വിദ്യാർത്ഥികളും, വിദ്യാർത്ഥികളല്ലാത്തവരുമായ ഏകദേശം 4000 ത്തോളം യുവതി യുവാക്കളാണ് യുവസംരംഭകത്വ സംഗമത്തിൽ പങ്കെടുത്തത്.

(ബി) സംരംഭകരുടെ ആശയങ്ങളെ വിജയിപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിലേയ്ക്കായുള്ള ഇൻക്യുബേഷൻ സ്പേസ്, മെന്ററിംഗ്, ആശയങ്ങൾ സമർപ്പിക്കുന്നതിനുള്ള അവസരം, സാമ്പത്തിക സഹായം തുടങ്ങിയ സഹായങ്ങളാണ് 'യെസ്' സംഗമത്തിൽ യുവ സംരംഭകർ പ്രധാനമായും ആവശ്യപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ. മേൽ പറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1. സാമ്പത്തിക സഹായം: യുവ സംരംഭകർക്ക് ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനായി കെ.എസ്.ഐ.ഡി.സിയും, കെ.എഫ്.സി-യും സംയുക്തമായി ഒരു ധനകാര്യ സ്കീം ആരംഭിക്കാൻ തീരുമാനമായിട്ടുണ്ട്.

2. മെന്ററിംഗ്: ആവശ്യമായ മെന്ററിംഗ് നൽകുന്നതിലേയ്ക്കായി കെ.എസ്. ഐ.ഡി.സി-യും. ടൈ-സി.ഐ.ഐ എന്നീ ഏജൻസികളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

3. ഇൻക്യുബേഷൻ സ്പേസ്: യുവ സംരംഭകർക്കായി എറണാകുളം ജില്ലയിൽ കെ.എസ്.ഐ.ഡി.സി.യുടെ ഇൻക്യുബേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. തിരുവനന്തപുരത്തെ ടെക്നോപാർക്കിലും, സംസ്ഥാനത്തെ വിവിധ കോളേജുകളിലും ഇൻക്യുബേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(സി) കെ.എസ്.ഐ.ഡി.സി. യുടെ ആഭിമുഖ്യത്തിൽ കൊച്ചിയിൽ സംഘടിപ്പിച്ച യുവ സംരംഭകത്വ സംഗമം (YES 2014) നിക്ഷേപ സമാഹരണ പദ്ധതി ആയിരുന്നില്ല. കേരളത്തിലെ യുവതലമുറയെയും വിദ്യാർത്ഥികളെയും സംരംഭകത്വത്തിലേക്ക് ആകർഷിക്കുകയും അവരുടെ നൂതന ആശയങ്ങളെ പ്രോത്സാഹിപ്പിക്കുകയും അവയെ സാക്ഷാത്കരിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടെയാണ് യെസ് 2014 സംഘടിപ്പിച്ചത്. യുവ വിദ്യാർത്ഥി സംരംഭകർക്ക് അവരുടെ ആശയങ്ങൾ പ്രദർശിപ്പിക്കുന്നതിന് എക്സിബിഷൻ സൗകര്യവും ആശയങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി മികച്ച ആശയങ്ങൾ കണ്ടെത്തുന്നതിനുള്ള മത്സരവും യെസ് 2014-ന്റെ ഭാഗമായി സംഘടിപ്പിച്ചിരുന്നു.

(ഡി) യെസ് സംഗമത്തിൽ സംരംഭകർ ആവശ്യപ്പെട്ട അടിസ്ഥാന സൗകര്യങ്ങളുടേയും ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാർ സ്വീകരിച്ചതിന്റേയും / സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതുമായ നടപടികളുടേയും വിശദാംശങ്ങൾ 'ബി' പിരിവിന്റെ മറുപടിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly